(14-7-2005*ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ)

ബയോടെക്നോളജിയുടെ സഹായത്തോടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

165 [178] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
„ *കെ. ബി. ഗണേഷ്കുമാർ:*
„ *ജോണി നെല്ലൂർ:*
„ *ടി. എം. ജേക്കബ്:*
„ *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയുടെയും സഹകാര്യമേഖലയുടെയും, സഹകരണ മേഖലയുടെയും പങ്കാളിത്തത്തോടെ കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏത് മേഖലയുടെ സഹകരണത്തോടെയാണ് സുഗന്ധദ്രവ്യ വികസനത്തിന് സ്പൈസസ് ടെക്നോളജി മിഷൻ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കർഷകരുടേയും കാർഷിക മേഖലയുടേയും പുരോഗതിക്കായി പഞ്ചായത്ത് തലത്തിൽ എത്ര കാർഷിക ജൈവ സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോടെക്നോളജിയുടെ സഹായത്തോടെ സീഡ്ബാങ്കും, മണ്ണിരകൃഷിയും, സമഗ്രമായ മണ്ണ് സംരക്ഷണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ കാർഷിക വിളകൾ സംഭരിച്ച്, സംസ്കരിച്ച് തരംതിരിച്ച് വിപണനം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സർക്കാർ മേഖലയിൽ 6 മൊത്ത വ്യാപാര വിപണികൾ പണിത് പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ഈ വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിപണനം നടത്താവുന്നതും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇവിടെ സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് വേ ബ്രിഡ്ജിൽ തൂക്കം നോക്കാവുന്നതാണ്. 6 മൊത്ത വ്യാപാര വിപണികൾ ദിവസേന ഏകദേശം 1000 മെട്രിക് ടണ്ണിനും 2500 മെട്രിക് ടണ്ണിനുമിടയിൽ

*(14-7-2005-ന് പി. കെ. വാസുദേവൻ നായരുടെ നിര്യാണം സംബന്ധിച്ച് സഭ സമ്മേളിക്കാതിരുന്നതിനാൽ അന്നത്തേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യാൻ പറ്റുന്ന തരത്തിലുള്ളവയാണ്. തിരുവനന്തപുരം ജില്ലയിൽ ആനയറ, നെടുമങ്ങാട്, എറണാകുളം ജില്ലയിൽ മരട്, മൂവാറ്റുപുഴ, കോഴിക്കോട് ജില്ലയിൽ വേങ്ങേരി, വയനാട് ജില്ലയിൽ ബത്തേരി എന്നീ സ്ഥലങ്ങളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്. ഇവ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതുതായി ഗ്രാമീണ ചന്തകൾ നിർമ്മിക്കുന്നതിനോ പുനരുദ്ധരിക്കുന്നതിനോ ഉള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ 8-7-2005 വരെ 10 വിപണികളുടെ പണി പൂർത്തീകരിക്കുകയും 11 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടക്കുകയുമാണ്. ഈ വിപണികളിൽ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ, വിപണനത്തിനുള്ള സ്റ്റാളുകൾ, ഉൽപ്പന്നങ്ങൾ കഴുകുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ, ഡ്രെയിനേജ് സൗകര്യം മുതലായവ ഒരുക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് വിഭാഗം "ഗ്രാമീൺ ഭണ്ടാർ യോജന" എന്ന പദ്ധതിയിൽ നേരിട്ട് റൂറൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൽ മൊത്തം ചെലവിന്റെ 25% വരെ സബ്സിഡിയായി നൽകും.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിലെ പഴം പച്ചക്കറി കർഷകർക്കായി ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 154 സ്വാശ്രയ കർഷക സമിതികൾ കർഷകരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് കേരളത്തിലുടനീളവും കൂടാതെ എക്സ്പോർട്ട് ഏജൻസികൾ വഴിയും വിപണനം നടത്തുന്നു. മാത്രമല്ല പഴം പച്ചക്കറി സംസ്കരണം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ വി.എഫ്.പി.സി.കെ.-ആരംഭിച്ചുകഴിഞ്ഞു. മാർക്കറ്റ് ബിൽ പാസ്സായിക്കഴിയുമ്പോൾ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നു. ഇതിനും പുറമെ Agricultural and processed food products export development authority (അപ്ഡ)-യുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ എക്സ്പോർട്ട് ചെയ്യുന്നവർക്ക് എക്സ്പോർട്ട് സബ്സിഡിയും, ട്രാൻസ്പോർട്ട് സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, റീജിയണൽ റിസർച്ച് ലബോറട്ടറി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. കുരുമുളകിനായി ടെക്നോളജി മിഷൻ പദ്ധതി 1997-1998-ൽ ആരംഭിക്കുകയും 7 വർഷത്തെ പദ്ധതിയായി നടപ്പിലാക്കുകയും ചെയ്തു.

(സി) പഞ്ചായത്ത് തലത്തിൽ കാർഷിക ജൈവ സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകൾ മുഖേന ഒരു പരിധിവരെ കർഷകർക്ക് ജൈവ സാങ്കേതികവിദ്യ പകരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോടെക്നോളജി സാങ്കേതികവിദ്യയുടെ സഹായത്തോടെ ടിഷ്യൂകൾച്ചർ മുഖേന നല്ലയിനം നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നതിനായി ''ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചറൽ സെന്റർ'' എന്ന സ്ഥാപനം 2001 മുതൽ കൃഷി വകുപ്പിന്റെ കീഴിൽ കഴക്കൂട്ടത്ത് പ്രവർത്തിച്ചുവരുന്നു. മണ്ണിര കമ്പോസ്റ്റിന്റെ ഉൽപ്പാദനത്തിനായി 2004-05 സാമ്പത്തിക വർഷം തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിലെ വീട്ടുവളപ്പുകളിൽ 5 ലക്ഷം രൂപയുടെ ഒരു പദ്ധതി ''നഗരത്തിൽ ഒരു നാട്ടിൻപുറം'' എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

ബയോടെക്നോളജിയുടെ സഹായത്തോടെ സമഗ്രമായ മണ്ണ് സംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നില്ല.

ഈ സാമ്പത്തിക വർഷം ''ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ'' എന്ന പുതിയ പദ്ധതിയിലുൾപ്പെടുത്തി രണ്ട് മണ്ണ് സസ്യഹെൽത്ത് സെന്ററുകൾ ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലെ മണ്ണ് പരിശോധനാ ലബോറട്ടറികളിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

കയർ ഫാക്ടറി തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ

166 [179] *ശ്രീ. തോമസ് ഐസക്:*
„ *ടി. കെ. ദേവകുമാർ:*
„ *കെ. പി. സതീശ് ചന്ദ്രൻ:*
„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഫാക്ടറി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കയർ തൊഴിലാളികളുടെയും ചെറുകിട കയർ ഉൽപ്പാദകരുടെയും സംയുക്താഭിമുഖ്യത്തിൽ 2005 മേയ് 3-ന് ആരംഭിച്ച സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഏതെല്ലാം വ്യവസ്ഥകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(സി) കയർ ഫാക്ടറി തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാർ തലത്തിൽ യോഗം വിളിച്ച് പരിഹരിക്കുമെന്ന ഉറപ്പ് പാലിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly